**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും കൂടാതെ 2019 ഡിസംബർ 15-നു ശേഷം മസ്ററർ ചെയ്തവർക്കുള്ള 2019 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെയും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 2588/2020/ധന. തീയതി, തിരുവനന്തപുരം, 30.03.2020**

---

പരാമർശം :-
1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 503/2016/ധന തീയതി 21/12/2016.
4) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
5) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
6) സ ഉ (എം എസ്) 204/2017/ധന തീയതി 23/03/2017.
7) സ ഉ (എം എസ്) 241/2018/ധന തീയതി 06/07/2018.
8) സ.ഉ(സാധാ)നം. 10132/18/ധന. തീയതി 10.12.2018.
9) സ.ഉ(എം.എസ്) 59/19/ധന. തീയതി 31.01.2019.
10) സ ഉ (സാധാ) 6713/2019/ധന. തീയതി 21.08.2019.
11) സ.ഉ (സാധാ) 9168/19/ധന. തീയതി 21.11.2019
12) സ.ഉ(സാധാ) 9477/19/ധന. തീയതി 02.12.2019
13) സ.ഉ(സാധാ) 10026/19/ധന. തീയതി 21.12.2019
14) സ.ഉ(സാധാ) 2456/2020/ധന. തീയതി 24.03.2020
15) പഞ്ചായത്ത് ഡയറക്ടറുടെ 27.03.2020 തീയതിയിലെ കത്ത് നമ്പർ പി എ എൻ/5630/2020-ഡി ബി ടി2 (ഡി പി) .

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2019 ഡിസംബർ 15-നു ശേഷം മസ്റ്റർ ചെയ്തവർക്ക് 2019 ആഗസ്റ്റ്, സെപ്തംബർ എന്നീ രണ്ട് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യാനുണ്ട്. 2020 ഫെബ്രുവരി 15-നുള്ളിൽ മസ്റ്റർ ചെയ്തവർക്ക് 2019 ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (14) പ്രകാരം ഇതിനകം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 15-നു ശേഷം മസ്റ്റർ ചെയ്തവർക്കുള്ള 2019 ആഗസ്റ്റ്. സെപ്തംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 34,00,27,800/- രൂപയും, അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി,

മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2730,33,34,600/- രൂപയും ചേർത്ത് ആകെ 2764,33,62,400/- (രണ്ടായിരത്തി എഴുന്നൂറ്റി അറുപത്തിനാല് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാനൂറ് രൂപ **മാത്രം)** അനുവദിക്കണമെന്ന് പരാമർശം 15 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. 2019 ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തിയപ്പോൾ വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം നല്കാത്തതിന്റെ പേരിൽ ചിലർക്ക് പെൻഷൻ ലഭിയ്ക്കാതെ പോയിട്ടുണ്ടെന്നും അത്തരക്കാർക്ക് പെൻഷൻ നൽകുന്നതിന് 68,55,04,800/- രൂപ ആവശ്യമാണെന്നും കണക്കാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2019 ഡിസംബർ 15-നു ശേഷം മസ്റ്റർ ചെയ്തവർക്ക് 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 34,00,27,800/- രൂപയും, 2019 ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തിയപ്പോൾ വിവാഹം/ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം നല്കാത്തതിന്റെ പേരിൽ പെൻഷൻ ലഭിയ്ക്കാതെ പോയവർക്ക് പെൻഷൻ നൽകുന്നതിനായി 68,55,04,800/- രൂപയും അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2730,33,34,600/- രൂപയും ചേർത്ത് ആകെ 2832,88,67,200/-രൂപ (രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിരണ്ട് കോടി എൺപത്തെട്ട് ലക്ഷത്തി അറുപത്തേഴായിരത്തി ഇരുനൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധം (1), (2, (3) ആയി ചേർത്തിരിക്കുന്നു.

3. 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 34,00,27,800/- രൂപയും, 2019 ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തിയപ്പോൾ വിവാഹം/ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം നല്കാത്തതിന്റെ പേരിൽ പെൻഷൻ ലഭിയ്ക്കാതെ പോയവർക്ക് പെൻഷൻ നൽകുന്നതിനായി 68,55,04,800/- രൂപയും, അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2730,33,34,600/- രൂപയും ചേർത്ത് ആകെ 2832,88,67,200/- രൂപയിൽ (രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിരണ്ട് കോടി എൺപത്തെട്ട് ലക്ഷത്തി അറുപത്തേഴായിരത്തി ഇരുനൂറ് രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 1483,08,98,900/- രൂപ

(ആയിരത്തി നാനൂറ്റി എൺപത്തിമൂന്ന് കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി തൊള്ളായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ്. ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയായ 1349,79,68,300/- രൂപ (ആയിരത്തിമുന്നൂറ്റി നാല്പത്തൊൻപത് കോടി എഴിപത്തൊൻപതു ലക്ഷത്തി അറുപത്തെണ്ണായിരത്തി മുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തിന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 30.04.2020 നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ട എല്ലാവരും ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**2019 ഡിസംബർ 15-നു ശേഷം മസ്റ്റർ ചെയ്യുവർക്കുള്ള 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക**

| പ്രാദേശിക സർക്കാർ | പെൻഷൻ തരം | ബാങ്ക് തുക(രൂപ) | ഡയറക്റ്റ് ടു ഹോം തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 595200 | 1531200 | 2126400 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11881200 | 11243400 | 23124600 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 2574000 | 3112800 | 5686800 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 230400 | 273600 | 504000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 5299200 | 4068000 | 9367200 |
| | **ആകെ** | **20580000** | **20229000** | **40809000** |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 170400 | 160800 | 331200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10841400 | 4576800 | 15418200 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 2196800 | 1184400 | 3381200 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 235200 | 156000 | 391200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 5623200 | 1617600 | 7240800 |
| | **ആകെ** | **19067000** | **7695600** | **26762600** |
| | കർഷക തൊഴിലാളി പെൻഷൻ | 6050400 | 13768800 | 19819200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 85933200 | 65913600 | 151846800 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | | |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 19082400 | 20786200 | 39868600 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1492800 | 1720800 | 3213600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 33636000 | 24072000 | 57708000 |
| | **ആകെ** | **146194800** | **126261400** | **272456200** |
| **ആകെ മൊത്തം** | | **185841800** | **154186000** | **340027800** |

അനുബന്ധം 2

2019 ഒക്ടോബർ, നവംബർ പെൻഷൻ വിതരണം നടത്തിയപ്പോൾ വിവാഹം/ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം നല്കാത്തതിന്റെ പേരിൽ പെൻഷൻ ലഭിയ്ക്കാതെ പോയവർക്കുള്ള പെൻഷൻ തുക

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് തുക (രൂപ) | ഡയറക്റ്റ് ടു ഹോം തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1756800 | 1905600 | 3662400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 36093600 | 26407200 | 62500800 |
| | **ആകെ** | **37850400** | **28312800** | **66163200** |
| മുനിസിപ്പൽ കോർപ്പറേഷൻ | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1620000 | 938400 | 2558400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 35685600 | 8332800 | 44018400 |
| | **ആകെ** | **37305600** | **9271200** | **46576800** |
| ഗ്രാമപഞ്ചായത്ത് | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 12429600 | 13596000 | 26025600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 316941600 | 229797600 | 546739200 |
| | **ആകെ** | **329371200** | **243393600** | **572764800** |
| **ആകെ മൊത്തം** | | **404527200** | **280977600** | **685504800** |

അനുബന്ധം 3

2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള തുക

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് തുക (രൂപ) | ഡയറക്ട് ടു ഹോം തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 57693800 | 144673700 | 202367500 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 851432200 | 909311100 | 1760743300 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 117562600 | 144125100 | 261687700 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 26419100 | 38179900 | 64599000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 482290400 | 461562600 | 943853000 |
| | **ആകെ** | **1535398100** | **1697852400** | **3233250500** |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 15189000 | 12700200 | 27889200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 701527100 | 302219600 | 1003746700 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 97187500 | 40454600 | 137642100 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 34251500 | 19831100 | 54082600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 447587500 | 130979200 | 578566700 |
| | **ആകെ** | **1295742600** | **506184700** | **1801927300** |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 800155300 | 1438965600 | 2239120900 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6130690200 | 5443781500 | 11574471700 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 905968900 | 991205100 | 1897174000 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 164291300 | 201910000 | 366201300 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 3408283500 | 2782905400 | 6191188900 |
| | **ആകെ** | **11409389200** | **10858767600** | **22268156800** |
| **ആകെ മൊത്തം** | | **14240529900** | **13062804700** | **27303334600** |